(ബി) ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(സി) പഞ്ചായത്തുകൾ ലോൺ എടുത്ത ഫണ്ടുകൊണ്ട് ആദിവാസി വിഭാഗത്തിന് വീട് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ വിഭാഗത്തിന് വീടുകൾ നൽകാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ആദിവാസി വിഭാഗത്തിന് വീടുകൾ ലഭ്യമാക്കാൻ മറ്റ് ഫണ്ടുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഫണ്ട്, ആയത് എപ്പോൾ പഞ്ചായത്തുകൾക്ക് ലഭ്യമാക്കും തുടങ്ങിയ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

ഇ.എം.എസ്. ഭവന പദ്ധതിപ്രകാരം നെടുമങ്ങാട് മണ്ഡലത്തിലെ വീടുകൾ

128 (6046) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും എത്ര വീടുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ ?

ഉത്തരം

നെടുമങ്ങാട് നഗരസഭയിൽ 683 വീടുകൾ അനുവദിച്ചതിൽ 2010-11 സാമ്പത്തിക വർഷം 161 എണ്ണം പണി ആരംഭിച്ചിട്ടുണ്ട്. ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച വിവരം താഴെചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പേര്	അനുവദിച്ച വീടുകളുടെ എണ്ണം	പൂർത്തീകരിച്ച വീടുകളുടെ എണ്ണം
കരകുളം	402	128
അരുവിക്കര	329	198
വെമ്പായം	315	10
ആനാട്	323	90
പനവൂർ	266	45
ആകെ	1635	471

LIBRARY ARCHIVES Kerala Legislative Assembly